"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ എസ്എംഎ ബാധിതനായ മുഹമ്മദ് ചികിത്സാ കമ്മിറ്റി രക്ഷാധികാരി മാട്ടൂൽ ഗ്രാമപഞ്ചായത് പ്രസിഡന്റ് ശ്രീമതി ഫാരിഷ ടീച്ചർ അഴിമതി നടത്തിയതു സംബന്ധിച്ച പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271ജെ പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.28/2026/LSGD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.12.2024 തീയതിയിലെ CPSP-8-49062/2024/DVACB നമ്പർ കത്ത്.
2. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം വഴി 28.07.2025 തീയതി ലഭിച്ച G3241203304/2025/I നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.10.2025 തീയതികളിലെ LSGD/PD/2053/2025-VIGE6 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ എസ്എംഎ ബാധിതനായ മുഹമ്മദ് ചികിത്സാ കമ്മിറ്റി രക്ഷാധികാരി മാട്ടൂൽ ഗ്രാമപഞ്ചായത് പ്രസിഡന്റ് ശ്രീമതി ഫാരിഷ ടീച്ചർ അഴിമതി നടത്തിയതു സംബന്ധിച്ച് ഡയറക്ടർ , വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലും ബഹു. മുഖ്യമന്ത്രി മുമ്പാകെയും ശ്രീ. അബ്ബാസ് ഹാജി സമർപ്പിച്ച പരാതി പരാമർശം - 1 , 2 പ്രകാരം ഈ വകുപ്പിൽ ലഭിച്ചിരുന്നു.

2. എസ്എംഎ ബാധിതനായ ശ്രീ. മുഹമ്മദിന്റെ ചികിത്സാ കമ്മിറ്റി രക്ഷാധികാരി മാട്ടൂൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫാരിഷ ടീച്ചർ പൊതുജനങ്ങളിൽ നിന്നും യാതൊരു രേഖകളും ഇല്ലാതെ വലിയ തുക പിരിച്ചെടുത്ത് അഴിമതി നടത്തിയെന്നുള്ളതാണ് ശ്രീ. അബ്ബാസ് ഹാജിയുടെ പരാതി. പ്രസ്തുത വിഷയം മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക പരിപാടിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധികാര പരിധിയിൽ

ഉൾപ്പെട്ട് വരുന്നില്ലയെന്നും, മുഹമ്മദ് ചികിത്സാ സഹായ കമ്മിറ്റി ഒരു ഔദ്യോഗിക സംവിധാനമല്ലാത്തതിനാൽ വസ്തുതകളുടെ ആധികാരികത പരിശോധിക്കുന്നതിനോ, ക്രൌഡ് ഫണ്ടിംഗിന്റെ വിവരങ്ങൾ കണ്ട് ബോദ്ധ്യപ്പെടുന്നതിനോ കഴിഞ്ഞിട്ടില്ലെന്നും ജനപ്രതിനിധിയുടെ അഴിമതിയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ടി പരാതി ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് കൈമാറി നൽകാവുന്നതാണെന്ന് പരാമർശം - 3 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്തു പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 271ജെ - ൽ പരാമർശിച്ചിട്ടുള്ള പ്രകാരം പരാതിയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/199/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 06-01-2026 13:09:52
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.